**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

2026 ഒക്ടോബർ 27, ചൊവ്വ

## നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| **ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി** |
| **വ്യവസായ – വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി** |
| **വൈദ്യുതി, പരിസ്ഥിതി – പാർലമെന്ററികാര്യ വകുപ്പ് മന്ത്രി** |
| **സഹകരണ–എക്സൈസ് വകുപ്പ് മന്ത്രി** |

**<u>സൈബർ സേഫ് കേരള 2026</u>**

***181** **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ടോണി ചമ്മണി**
**ശ്രീ. വി. എസ്. ജോയി**
**ശ്രീ. കെ. നീലകണ്ഠൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** കുട്ടികളുടെ സൈബർ സുരക്ഷ ലക്ഷ്യമിട്ട് വിഭാവനം ചെയ്യുന്ന സൈബർ സേഫ് കേരള 2026 പദ്ധതിയെക്കുറിച്ച് വിശദമാക്കുമോ;

**(ബി)** സൈബർ ബുള്ളിയിങ്, വ്യാജവാർത്ത, ഗെയിമിങ് അഡിക്ഷൻ തുടങ്ങിയ അപകടങ്ങളെക്കുറിച്ച് കുട്ടികൾക്കും രക്ഷിതാക്കൾക്കും അധ്യാപകർക്കും ബോധവൽക്കരണം നടത്താൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

**(സി)** സുസ്ഥിരമായ ഡിജിറ്റൽ ഉത്തരവാദിത്തം വളർത്തിയെടുക്കാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

**ഐ.ടി. മേഖലയുമായി മറ്റ് സാങ്കേതിക സ്ഥാപനങ്ങളുടെ ഏകോപനം**

*182 **ശ്രീ. ടി. വി. ഇബ്രാഹിം**

**ശ്രീ. പി. കെ. നവാസ്**

**ശ്രീ. മഞ്ഞളാംകുഴി അലി**

**ശ്രീ. പി .എം. എ. സമീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി. മേഖലയുമായി മറ്റ് സാങ്കേതിക സ്ഥാപനങ്ങളെ ഏകോപിപ്പിക്കുവാൻ ഏതെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതുവഴി വിപുലമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ ലക്ഷ്യമിടുന്നുണ്ടോ;

(സി) സർക്കാർ ഐ.ടി. പാർക്കുകൾക്ക് നൽകുന്ന അതേ സൗകര്യം അർഹരായ സ്വകാര്യ സ്ഥാപനങ്ങൾക്കും ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഡിജിറ്റൽ എൻജിനീയറിംഗ്, സൈബർ സുരക്ഷ തുടങ്ങിയ അത്യാധുനിക മേഖലകളിലേക്ക് കേരളത്തിന്റെ സാങ്കേതിക ആവാസവ്യവസ്ഥയെ നയിക്കാൻ കഴിയുമോ; വിശദമാക്കാമോ?

**തുറമുഖങ്ങൾക്കും വിമാനത്താവളങ്ങൾക്കും സമീപം പുതിയ വ്യവസായ കേന്ദ്രങ്ങൾ**

*183 **ശ്രീ. കെ. പി. നൗഷാദ് അലി**

**ശ്രീ. സി. ആർ. മഹേഷ്**

**ശ്രീ. കെ. പ്രവീൺ കുമാർ**

**ശ്രീ. സിറിയക് തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്ര, ഇൻകെൽ എന്നീ സ്ഥാപനങ്ങൾ മുഖേന സംസ്ഥാനത്തെ തുറമുഖങ്ങൾക്കും വിമാനത്താവളങ്ങൾക്കും സമീപമായി പുതിയ വ്യവസായ കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) തുറമുഖങ്ങളുടെയും വിമാനത്താവളങ്ങളുടെയും സമീപപ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി വ്യവസായ

പാർക്കുകളും സംരംഭക കേന്ദ്രങ്ങളും വികസിപ്പിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

**(സി)** കയറ്റുമതി അധിഷ്ഠിത വ്യവസായങ്ങൾ, ഭക്ഷ്യസംസ്കരണം, ചരക്കുനീക്ക അനുബന്ധ വ്യവസായങ്ങൾ, വിവരസാങ്കേതികവിദ്യ തുടങ്ങിയ മേഖലകളിൽ നിക്ഷേപം ആകർഷിക്കുന്നതിന് പ്രസ്തുത വ്യവസായ കേന്ദ്രങ്ങൾ സഹായകമാകുമെന്ന് വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കാമോ;

**(ഡി)** പുതിയ വ്യവസായ കേന്ദ്രങ്ങളിൽ സംരംഭകർക്ക് ഭൂമി, വൈദ്യുതി, ജലം, റോഡ് സൗകര്യം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

**(ഇ)** കിൻഫ്രയുടെയും ഇൻകെലിന്റെയും നേതൃത്വത്തിൽ ഇത്തരം വ്യവസായ കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിലൂടെ കൂടുതൽ ആഭ്യന്തര -വിദേശ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും സംസ്ഥാനത്ത് തൊഴിലവസരങ്ങൾ വർധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>**സ്പീക്ക് അപ്പ് പദ്ധതി**</u>

***184** **ശ്രീ. സന്ദീപ് വാര്യർ**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. എ. ഡി. തോമസ്**
**ശ്രീമതി രമ്യ ഹരിദാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ഗാർഹിക പീഡനം തടയുന്നതിനും അതിജീവിതയ്ക്ക് സുരക്ഷ ഉറപ്പാക്കുന്നതിനുമായി കേരള പോലീസ് രൂപീകരിച്ച സ്പീക്ക് അപ്പ് പദ്ധതിയെക്കുറിച്ച് വിശദമാക്കുമോ;

**(ബി)** ഗാർഹിക അതിക്രമം തടയുക, അതിജീവിതയ്ക്ക് നിയമസഹായവും കൗൺസിലിങ്ങും ഉറപ്പാക്കുക, സുരക്ഷിതമായ താമസവും ഉപജീവന പിന്തുണയും ലഭ്യമാക്കുക എന്നിവയ്ക്കായി പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

**(സി)** പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഡിജിറ്റൽ ഹെല്പ് ലൈൻ, വാട്സ്ആപ്പ്, പ്രത്യേക മൊബൈൽ ആപ്പ് എന്നിവയിലൂടെ പരാതികൾ വേഗത്തിൽ രജിസ്റ്റർ ചെയ്യാനും സമയബന്ധിതമായി സഹായം ലഭ്യമാക്കാനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**250 കെ.വി.എ.യ്ക്ക് മുകളിലുള്ള ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാൻ നടപടി**

***185** **ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. കെ. എം. അഭിജിത്ത്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. രമേഷ് പിഷാരടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** എയർ കണ്ടീഷണറുകൾ, വൈദ്യുത വാഹനങ്ങൾ എന്നിവയുടെ ഉപയോഗം വർധിച്ചുവരുന്ന സാഹചര്യത്തിൽ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനും വിതരണശൃംഖലയുടെ ശേഷി വർധിപ്പിക്കുന്നതിനുമായി 250 കെ.വി.എ.യ്ക്ക് മുകളിൽ ശേഷിയുള്ള ട്രാൻസ്ഫോർമറുകൾ കൂടുതലായി സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദമാക്കുമോ;

**(ബി)** 250 കെ.വി.എ.യ്ക്ക് മുകളിൽ ശേഷിയുള്ള ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവയുടെ ശേഷി വർധിപ്പിക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**(സി)** എയർ കണ്ടീഷണറുകളുടെയും വൈദ്യുത വാഹനങ്ങളുടെയും വർധിച്ചുവരുന്ന ഉപയോഗം മൂലം വൈദ്യുതി വിതരണശൃംഖലയിൽ അമിതഭാരം അനുഭവപ്പെടുന്നതും വൈദ്യുതി തടസ്സങ്ങൾ ഉണ്ടാകുന്നതും ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കാമോ;

**(ഡി)** പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും ആവശ്യമായ തുക കണ്ടെത്തുന്നതിനും വൈദ്യുതി വിതരണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

**കയർ വ്യവസായ മേഖല ശക്തിപ്പെടുത്താനുള്ള പദ്ധതികൾ**

***186 ശ്രീമതി രമ്യ ഹരിദാസ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. എ. ഡി. തോമസ്**
**ശ്രീ. സന്ദീപ് വാര്യർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** മുൻ സർക്കാരിന്റെ കാലത്ത് തകർച്ച നേരിട്ടതായി ആക്ഷേപമുള്ള, കയർ വ്യവസായത്തെ രക്ഷിക്കാനായി എന്തൊക്കെ പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

**(ബി)** തൊണ്ടിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിനും വിപണി വിപുലീകരിക്കുന്നതിനും എന്തൊക്കെ പദ്ധതികൾ നിലവിലുണ്ട്; വ്യക്തമാക്കുമോ;

**(സി)** കയർപിരി സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ?

**വ്യവസായിക പുരോഗതിയ്ക്കായുള്ള പദ്ധതികൾ**

***187 ശ്രീ. ജി. ആർ. അനിൽ**
**ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ**
**ശ്രീ. മുഹമ്മദ് മുഹസിൻ**
**ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** കേരളത്തിന്റെ ജി.ഡി.പി.യിൽ സേവന മേഖലയ്ക്കാണ് മുൻതൂക്കമെങ്കിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കണമെങ്കിൽ കൃഷി, ഉത്പാദന മേഖലകളിൽ വൻതോതിലുള്ള നിക്ഷേപം വരേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**(ബി)** കേരളത്തിലെ വ്യവസായ രംഗത്ത് ഏറ്റവും പ്രധാന പങ്ക് വഹിക്കുന്ന ഒരു പദ്ധതിയായി കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച സംരംഭക വർഷം പദ്ധതി മാറിയിട്ടുണ്ടോ; പ്രസ്തുത പദ്ധതി വ്യവസായ മേഖലയിലെ ബെസ്റ്റ് പ്രാക്ടീസായി വിലയിരുത്തപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) തൊഴിലില്ലായ്മ പരിഹരിക്കാൻ ഏറ്റവും വലിയ ചാലകശക്തിയാകാൻ എം.എസ്.എം.ഇ.കൾക്ക് കഴിയും എന്നത് പരിശോധിച്ചിട്ടുണ്ടോ; എം.എസ്.എം.ഇ.കൾക്ക് ലൈസൻസിംഗ് നടപടികൾ ലളിതമാക്കുന്നതിനും കുറഞ്ഞ പലിശയ്ക്ക് മൂലധനം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാതെ കേരളത്തിന് പൂർണ്ണ വളർച്ച കൈവരിക്കാനാവില്ല എന്നത് കണക്കിലെടുത്ത് ചെറുകിട ഇടത്തരം വ്യവസായ മേഖലയിൽ കൂടുതൽ വനിതാ പങ്കാളിത്തം ഉറപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

<u>വിദ്യാർത്ഥി സംഘടനാ പ്രവർത്തകർക്കെതിരെയുള്ള ഭീഷണി</u>

*188 **ശ്രീ. എം. വിജിൻ**
**ശ്രീ. വി. ജോയി**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർ ഒരു വിദ്യാർത്ഥി സംഘടനയുടെ നേതാവിനെ ഫോണിലൂടെ ഭീഷണിപ്പെടുത്തിയെന്ന ആരോപണവും ഇതുസംബന്ധിച്ച ശബ്ദരേഖ സമൂഹമാധ്യമങ്ങളിലൂടെ പ്രചരിച്ച സംഭവവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സംഭവത്തിൽ ഉന്നത പോലീസ് ഉദ്യോഗസ്ഥർ അന്വേഷണം നടത്തിയിരുന്നോ; അന്വേഷണത്തിൽ കണ്ടെത്തിയ വസ്തുതകൾ എന്തെല്ലാമാണ് ; അന്വേഷണത്തെ തുടർന്ന് ഈ ഉദ്യോഗസ്ഥനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) സമരത്തിൽ പങ്കെടുത്തവരെ രാഷ്ട്രീയ പാർട്ടികളുടെയോ വിദ്യാർത്ഥി സംഘടനകളുടെയോ ഓഫീസുകളിലും വീടുകളിലും കയറി അറസ്റ്റ് ചെയ്യണം എന്ന നിർദ്ദേശം പോലീസിന് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) വിദ്യാർത്ഥി സംഘടനാ പ്രവർത്തകർക്ക് കന്റോൺമെന്റ് എസ്.ഐ., സി.ഐ. എന്നിവർ നവമാധ്യമങ്ങളിലൂടെ അശ്ലീലച്ചുവയുള്ള സന്ദേശങ്ങൾ അയച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം അനുചിതമായ പ്രവൃത്തികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>**പരിസ്ഥിതിലോല മേഖല**</u>

***189 ശ്രീ. കെ. എൻ. ബാലഗോപാൽ**

**ശ്രീ. എ. പ്രഭാകരൻ**

**ശ്രീ. പി. കെ. പ്രവീൺ**

**ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതിലോല മേഖല അടയാളപ്പെടുത്തുന്ന ഭൂപടം കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ജനവാസപ്രദേശങ്ങളും തോട്ടങ്ങളും ജലാശയങ്ങളും ഒറ്റപ്പെട്ട വനപ്രദേശങ്ങളും ഒഴിവാക്കിയാണോ ശിപാർശ നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) കഡസ്ട്രൽ ഭൂപടത്തിൽ ആരാധനാലയങ്ങളും ആദിവാസി ഊരുകൾ ഉൾപ്പെടെയുള്ള ജനവാസമേഖലകളും കച്ചവടസ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടുണ്ടെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം പരിഹാര നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>**ആശ്വാസ് 2026 പദ്ധതി**</u>

***190 ശ്രീ. വി. എസ്. ജോയി**

**ശ്രീ. എം. വിൻസെന്റ്**

**ശ്രീ. ടോണി ചമ്മണി**

**ശ്രീ. കെ. നീലകണ്ഠൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെയും സംഘങ്ങളിലെയും വായ്പാക്കുടിശ്ശികകൾ ഇളവുകളോടെ തീർപ്പാക്കുന്നതിനായി നടപ്പാക്കിയ ആശ്വാസ് 2026 പദ്ധതിയുടെ ഭാഗമായി വായ്പക്കാർക്ക് സാമ്പത്തിക ആശ്വാസം ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; പദ്ധതി കൂടുതൽ ജനോപകാരപ്രദമാക്കുന്നതിന് സ്വീകരിച്ച പ്രത്യേക നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ആശ്വാസ് 2026 പദ്ധതിയുടെ ഭാഗമായി വായ്പാക്കുടിശ്ശികകൾ തീർപ്പാക്കുന്നതിനും വായ്പക്കാരുടെ പരാതികൾ പരിഹരിക്കുന്നതിനുമായി ജില്ലാതല അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ടോ; അദാലത്തുകളിലൂടെ വായ്പക്കാർക്ക് ലഭിച്ച സേവനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ആശ്വാസ് 2026 പദ്ധതിയുടെ ഭാഗമായി ലഭിക്കുന്ന അപേക്ഷകൾ സമയബന്ധിതമായി പരിശോധിച്ച് അർഹരായ വായ്പക്കാർക്ക് ഇളവുകൾ ലഭ്യമാക്കുന്നതിനായി സഹകരണ വകുപ്പ് നിരീക്ഷണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; അപേക്ഷകളിലെ കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

**ഓൺലൈൻ സൈബർ പരാതി പോർട്ടൽ**

*191 **ശ്രീ. ടോണി ചമ്മണി**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. വി. എസ്. ജോയി**
**ശ്രീ. കെ. നീലകണ്ഠൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈബർ കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള ടോൾ ഫ്രീ ഹെൽപ്‌ലൈൻ നമ്പരായ 1930-നെക്കുറിച്ചും ഓൺലൈൻ സൈബർ പരാതി പോർട്ടലിനെക്കുറിച്ചും പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും പരാതികളിൽ സമയബന്ധിതമായ നടപടി ഉറപ്പാക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) ഓൺലൈൻ സൈബർ പരാതി പോർട്ടൽ വഴി ലഭിക്കുന്ന പരാതികളിൽ വേഗത്തിൽ നടപടി സ്വീകരിക്കുന്നതിന് നിലവിൽ

എന്തെല്ലാം സംവിധാനങ്ങളാണുള്ളത്; വിശദമാക്കാമോ;

(സി) സൈബർ സാമ്പത്തിക തട്ടിപ്പുകൾക്ക് ഇരയാകുന്നവരുടെ പണം നഷ്ടപ്പെടുന്നത് തടയുന്നതിനും നഷ്ടപ്പെട്ട തുക വീണ്ടെടുക്കുന്നതിനും അടിയന്തര ഇടപെടൽ ഉറപ്പാക്കുന്നുണ്ടോ; ഹെൽപ്‌ലൈൻ നമ്പർ 1930 വഴിയും ഓൺലൈൻ പോർട്ടൽ വഴിയും ലഭിക്കുന്ന പരാതികളുടെ തുടർനടപടികൾ പരാതിക്കാർക്ക് അറിയുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ;

(ഡി) സൈബർ കുറ്റകൃത്യങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ വിദ്യാർഥികൾ ഉൾപ്പെടെയുള്ള പൊതുജനങ്ങൾക്കായി ബോധവത്കരണ പരിപാടികൾ കൂടുതൽ വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

**<u>സഹകരണ മേഖലയിലേക്ക് ആകർഷിക്കുന്നതിനായുള്ള പദ്ധതികൾ</u>**

*192 **ശ്രീ. ടി. എം. ശശി**
**ശ്രീ. എ. സി. മൊയ്തീൻ**
**പ്രൊഫ. സി. രവീന്ദ്രനാഥ്**
**ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന്റെ മൂലധന പര്യാപ്തത നിലനിർത്തുന്നതിനും ആർ.ബി.ഐ. വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കുന്നതിനുമായി കഴിഞ്ഞ അഞ്ച് മാസത്തിനിടെ സർക്കാർ സ്വീകരിച്ച നയപരമായ തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) സഹകരണ ഉൽപ്പന്നങ്ങൾക്ക് ഏകീകൃത വിപണി കണ്ടെത്തുന്നതിനായി ആരംഭിച്ച കോപ്പ് മാർട്ടുകൾ, ഇ-കോമേഴ്സ് പ്ലാറ്റ്ഫോമുകൾ എന്നിവ വഴി പുതിയ ഉൽപ്പന്നങ്ങൾ വിപണിയിലിറക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) യുവജനങ്ങളെയും വനിതകളെയും സഹകരണ മേഖലയിലേക്ക് ആകർഷിക്കുന്നതിനായി മുൻ സർക്കാർ രൂപീകരിച്ച യുവജന-വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകാൻ സർക്കാർ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം സഹകരണ മേഖലയെ സംരക്ഷിക്കുന്നതിനായി ആവിഷ്കരിച്ച പുതിയ വികസന പദ്ധതികൾ ഏതെല്ലാമാണ്; വിശദമാക്കാമോ?

<u>**വിദേശ നിക്ഷേപം ആകർഷിക്കുന്നതിനായി വിദേശ രാജ്യങ്ങളിൽ കേരള ഡെസ്കുകൾ**</u>

***193 ശ്രീമതി വിദ്യാ ബാലകൃഷ്ണൻ**
**ശ്രീ. വി. ടി. ബൽറാം**
**ശ്രീ. മുഹമ്മദ് ഷിയാസ്**
**ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ നിക്ഷേപം ആകർഷിക്കുന്നതിനും കേരളത്തിലെ വ്യവസായ–നിക്ഷേപ സാധ്യതകൾ ആഗോളതലത്തിൽ പ്രചരിപ്പിക്കുന്നതിനുമായി തെരഞ്ഞെടുത്ത രാജ്യങ്ങളിൽ കേരള ഡെസ്കുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കേരളത്തിലേക്ക് കൂടുതൽ വിദേശ നിക്ഷേപകരെ ആകർഷിക്കുന്നതിനും സംസ്ഥാനത്തെ നിക്ഷേപസൗഹൃദ കേന്ദ്രമായി ഉയർത്തുന്നതിനും പ്രസ്തുത സംരംഭം എപ്രകാരമാണ് സഹായകമാകുന്നതെന്ന് വിശദമാക്കുമോ;

(സി) വിദേശ നിക്ഷേപകർക്ക് കേരളത്തിലെ വ്യവസായ സാധ്യതകൾ, നിക്ഷേപ നടപടിക്രമങ്ങൾ, സർക്കാർ ആനുകൂല്യങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങളും ആവശ്യമായ സഹായങ്ങളും ലഭ്യമാക്കുന്നതിന് കേരള ഡെസ്കുകൾ വഴി സൗകര്യം ഒരുക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) കേരളത്തിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ള വ്യവസായങ്ങളുടെ വികസനത്തിനും വിദേശ നിക്ഷേപം പ്രയോജനപ്പെടുത്തുന്നതിനുമായി സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ഇ) പ്രസ്തുത സംരംഭത്തിലൂടെ സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും യുവാക്കൾക്ക് ഉയർന്ന തൊഴിൽസാധ്യതകൾ ഉറപ്പാക്കുന്നതിനും കയറ്റുമതി വർധിപ്പിക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**തിരുവനന്തപുരം യൂണിവേഴ്സിറ്റി ഹോസ്റ്റലിലെ പോലീസ് മർദ്ദനം**

***194 ശ്രീമതി ഒ. എസ്. അംബിക**
**ശ്രീ. സജി ചെറിയാൻ**
**ശ്രീ. കെ. വി. സുമേഷ്**
**ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** തിരുവനന്തപുരം യൂണിവേഴ്സിറ്റി ഹോസ്റ്റലിൽ വിദ്യാർഥി നേതാക്കളെ പോലീസ് ബാഡ്ജ് ധരിക്കാത്ത യൂണിഫോം ധരിച്ച ആളുകൾ തെരഞ്ഞുപിടിച്ച് മർദ്ദിച്ചുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**(ബി)** എങ്കിൽ വിദ്യാർഥികളെ മർദ്ദിച്ച പോലീസുകാരെ തിരിച്ചറിയാതിരിക്കുന്നതിനായി പോലീസുകാർക്ക് നെയിം ബാഡ്ജ് ഒഴിവാക്കുന്നതിന് തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് സ്റ്റേഷനിലെ എസ്.എച്ച്.ഒ. നിർദ്ദേശം നൽകിയിരുന്നോ;

**(സി)** പ്രസ്തുത നിർദ്ദേശം പോലീസ് മേധാവിയുടെ അവലോകനയോഗം വിലയിരുത്തിയിരുന്നോ;

**(ഡി)** ഈ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുമോ; സംഭവം അറിഞ്ഞിട്ടും നടപടിയെടുക്കാത്ത ഉന്നത ഉദ്യോഗസ്ഥർ ആരൊക്കെയാണ് എന്നറിയിക്കാമോ;

**(ഇ)** വിദ്യാർഥി സമരത്തിൽ പങ്കെടുത്ത കുട്ടികളെ പോലീസ് ലാത്തികൊണ്ട് തലയ്ക്ക് അടിച്ച് പരിക്കേൽപ്പിക്കുന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ കുട്ടികളുടെ ജീവനും ഭാവിയിലെ ആരോഗ്യപ്രശ്നങ്ങളും പരിഗണിച്ച് തലയ്ക്ക് അടിക്കുന്നതുപോലുള്ള കിരാത നടപടികൾ ഉണ്ടാകാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

**ഏരിയൽ ബഞ്ച്ഡ് കേബിളുകൾ സ്ഥാപിക്കൽ**

***195 ശ്രീ. കെ. ബിനിമോൻ**
**ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. സുധീർഷാ പാലോട്**
**ശ്രീ. രാജൻ. ജെ. പല്ലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി

നൽകുമോ:

**(എ)** വൈദ്യുത അപകടങ്ങളും മരച്ചില്ലകൾ വൈദ്യുതി ലൈനുകളിൽ തട്ടുന്നതുമൂലമുണ്ടാകുന്ന വൈദ്യുതി തടസ്സങ്ങളും ഒഴിവാക്കുന്നതിനായി നിലവിലുള്ള വൈദ്യുതി ലൈനുകൾ മാറ്റി ഏരിയൽ ബഞ്ച്ഡ് കേബിളുകൾ സ്ഥാപിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

**(ബി)** പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; സംസ്ഥാനത്ത് ഏതെല്ലാം പ്രദേശങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

**(സി)** പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കി വൈദ്യുത അപകടങ്ങളും വൈദ്യുതി തടസ്സങ്ങളും കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>**നെടുമ്പാശ്ശേരിയിലെ കാർ അപകടം**</u>

***196** **ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. വി. ജോയി**
**ശ്രീ. കെ. യു. ജനീഷ് കുമാർ**
**ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** നെടുമ്പാശ്ശേരിയിൽ 19 വയസ്സുകാരൻ മദ്യപിച്ച് ആഡംബര കാർ അമിതവേഗതയിൽ ഓടിച്ചുണ്ടായ അപകടത്തിൽ മൂന്ന് പേർ മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുവരെ എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

**(ബി)** അപകടം ഉണ്ടാക്കിയ ഇതേ വാഹനം ഏതാനും മാസങ്ങൾക്ക് മുൻപ് 200 കിലോമീറ്റർ വേഗതയിൽ ഓടിക്കുന്നതിന്റെ ദൃശ്യങ്ങൾ സമൂഹമാധ്യമങ്ങളിൽ പ്രചരിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**(സി)** സമൂഹമാധ്യമങ്ങളിൽ ഇത്തരം നിയമലംഘനങ്ങളുടെ ദൃശ്യങ്ങൾ വ്യാപകമായി പ്രചരിച്ചിട്ടും മോട്ടോർ വാഹന വകുപ്പോ പൊലീസിന്റെ സൈബർ സെല്ലോ ഇത് കണ്ടെത്തി യഥാസമയം നടപടി

സ്വീകരിക്കാതിരുന്നതാണ് മൂന്ന് വിദ്യാർത്ഥികളുടെ ജീവൻ പൊലിയാൻ കാരണമായതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**(ഡി)** സമൂഹമാധ്യമങ്ങളിലൂടെ പ്രചരിക്കുന്ന ഇത്തരം നിയമലംഘനങ്ങൾ നിരീക്ഷിക്കാനും കർശന നിയമനടപടി സ്വീകരിക്കാനും അപകടകരമായ വീഡിയോകൾ നീക്കം ചെയ്യാനും മുൻ സർക്കാരിന്റെ കാലത്ത് നിലവിലുണ്ടായിരുന്ന പ്രത്യേക സംവിധാനം ഈ സർക്കാർ നിർത്തലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

**(ഇ)** സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്ന അപകടകരമായ ഡ്രൈവിംഗ് ദൃശ്യങ്ങൾ സമയബന്ധിതമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനും അവ നീക്കം ചെയ്യുന്നതിനും ബാധകമായ നിയമപ്രകാരം നടപടി സ്വീകരിക്കുന്നതിനും പോലീസും മോട്ടോർ വാഹന വകുപ്പും സംയുക്തമായി ഏകീകൃത നടപടിക്രമം തയ്യാറാക്കി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>**ഔട്ടർ റിംഗ് റോഡ് കേന്ദ്രങ്ങളിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥാപനങ്ങൾ**</u>

***197** **ശ്രീമതി ഫാത്തിമ തഹിലിയ**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. പി. കെ. ഫിറോസ്**
**ശ്രീ. ടി. പി. അഷ്റഫലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** വിഴിഞ്ഞം ഔട്ടർ റിങ് റോഡുപണി പൂർത്തിയാകുന്നതോടെ പ്രധാന ജംഗ്ഷനുകൾ കേന്ദ്രീകരിച്ച് തുറമുഖാധിഷ്ഠിതമായ ആവാസ വ്യവസ്ഥ ഒരുക്കാൻ വ്യവസായ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ;

**(ബി)** ഇതിനായി പൊതുമേഖലാസ്ഥാപനങ്ങളുടെ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ഉപയോഗിക്കാൻ ആലോചിക്കുന്നുണ്ടോ; ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭൂമിയാണ് ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**(സി)** ഈ കേന്ദ്രങ്ങളിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാമാണ്; വിശദമാക്കാമോ?

<u>**സ്വീക്ക് അപ്പ് പദ്ധതി**</u>

***198** **ശ്രീ. വിഷ്ണു മോഹൻ**

**ശ്രീ. ഉല്ലാസ് കോവൂർ**

**ശ്രീ. വി. കുഞ്ഞികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർധിച്ചുവരുന്ന ഗാർഹിക പീഡനങ്ങൾ തടയുന്നതിനായി ആഭ്യന്തര വകുപ്പ് സ്പീക്ക് അപ്പ് എന്ന പേരിൽ പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളും സവിശേഷതകളും എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി രൂപീകരിച്ചിട്ടുള്ള പ്രത്യേക ദൗത്യസേനയുടെ (സ്പെഷ്യൽ ടാസ്ക് ഫോഴ്സ്) പ്രവർത്തനരീതി എങ്ങനെയാണ് ക്രമീകരിച്ചിരിക്കുന്നത്;

(സി) ഗാർഹിക പീഡന പരാതികൾ സ്വീകരിക്കുന്നതിനും അതിജീവിതകൾക്ക് നിയമസഹായം, കൗൺസിലിംഗ്, സുരക്ഷ എന്നിവ ഉറപ്പാക്കുന്നതിനുമായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(ഡി) പദ്ധതിയുടെ ഭാഗമായി പൊലീസ് സ്റ്റേഷനുകളുടെ പ്രവർത്തനങ്ങളിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

<u>**ആഗോള നിക്ഷേപക സംഗമം**</u>

***199** **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**

**ശ്രീ. ആര്യാടൻ ഷൗക്കത്ത്**

**ശ്രീ. എഫ്. രാജ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2027 ഫെബ്രുവരിയിൽ ആഗോള നിക്ഷേപക സംഗമം സംഘടിപ്പിക്കുന്നതിനുള്ള നടപടികൾക്ക് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ടോ; പ്രസ്തുത സംഗമത്തിലൂടെ കേരളത്തിലേക്ക് കൂടുതൽ ആഭ്യന്തര-വിദേശ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിന് ആക്കം കൂട്ടുന്നതിനും ലക്ഷ്യമിടുന്നുണ്ടോ; വ്യക്തമാക്കാമോ;

**(ബി)** ആഗോള നിക്ഷേപക സംഗമത്തിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ വ്യവസായ-നിക്ഷേപ സാധ്യതകൾ ആഗോളതലത്തിൽ പ്രചരിപ്പിക്കുന്നതിനും പ്രമുഖ നിക്ഷേപകരെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കാമോ;

**(സി)** വിവരസാങ്കേതികവിദ്യ, ഉൽപ്പാദന മേഖല, ഭക്ഷ്യസംസ്കരണം, വിനോദസഞ്ചാരം, ആരോഗ്യരംഗം, ഹരിതോർജം തുടങ്ങിയ മേഖലകളിൽ പുതിയ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിന് പ്രത്യേക പരിഗണന നൽകുന്നുണ്ടോ; വിശദമാക്കാമോ;

**(ഡി)** സംഗമത്തിലൂടെ ലഭിക്കുന്ന നിക്ഷേപ താൽപ്പര്യങ്ങൾ യാഥാർത്ഥ്യ പദ്ധതികളാക്കി മാറ്റുന്നതിനും വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ ലളിതമാക്കുന്നതിനും സമയബന്ധിത അനുമതി ഉറപ്പാക്കുന്നതിനും സംവിധാനം ഒരുക്കിയിട്ടുണ്ടോ;

**(ഇ)** പ്രസ്തുത സംഗമത്തിന്റെ ഭാഗമായി സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും യുവാക്കൾക്ക് നൈപുണ്യാധിഷ്ഠിത തൊഴിൽ ലഭ്യമാക്കുന്നതിനും ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>**മിഷൻ 1000 പദ്ധതി**</u>

***200 ശ്രീ. കെ. ജയന്ത്**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീമതി ഉഷ വിജയൻ**
**ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** വാർഷിക ശരാശരി നൂറ് കോടി രൂപ വിറ്റുവരവുള്ള ആയിരം സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ വളർത്തിയെടുക്കുന്നതിനായി മിഷൻ 1000 പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ വിശദമാക്കാമോ;

**(ബി)** പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംരംഭങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; നിലവിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്കും പുതുതായി ആരംഭിക്കുന്ന സംരംഭങ്ങൾക്കും പദ്ധതിയിൽ പരിഗണന നൽകുമോ; വ്യക്തമാക്കാമോ;

**(സി)** പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംരംഭകർക്ക് സാമ്പത്തിക സഹായം, വായ്പാ സൗകര്യം, സാങ്കേതിക സഹായം, വിപണന പിന്തുണ എന്നിവ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ;

**(ഡി)** പ്രസ്തുത പദ്ധതിയിലൂടെ സംസ്ഥാനത്ത് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും യുവാക്കൾക്ക് സംരംഭകത്വ മേഖലയിൽ കൂടുതൽ അവസരങ്ങൾ ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

**(ഇ)** മിഷൻ 1000 പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിനും ലക്ഷ്യമിടുന്ന സംരംഭങ്ങളുടെ വളർച്ചയും വിറ്റുവരവും ഉറപ്പാക്കുന്നതിനും നിരീക്ഷണ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

**<u>ഊർജസംരക്ഷണ പദ്ധതികൾ</u>**

***201** **ശ്രീ. റെജി ചെറിയാൻ**
**ശ്രീ. വർഗീസ് മാമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ഊർജസംരക്ഷണത്തിനായി ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കുമോ;

**(ബി)** സംസ്ഥാനം നേരിടുന്ന ഊർജപ്രതിസന്ധിക്ക് പരിഹാരമെന്ന നിലയിൽ ഊർജസംരക്ഷണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

**(സി)** പുരപ്പുറ സോളാർ സംവിധാനങ്ങളുടെ വ്യാപനവും തൽഫലമായുണ്ടാകുന്ന സീറോ ബില്ലിങ്ങും മൂലം ഉപഭോക്താക്കൾക്ക് തങ്ങൾ ഉപയോഗിക്കുന്ന ഊർജത്തിന്റെ അളവിനെക്കുറിച്ച് വ്യക്തമായ ധാരണയില്ലാത്തത് ഊർജസംരക്ഷണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ,

ഈ സാഹചര്യം മറികടക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

**വിദ്യാർത്ഥി നേതാക്കൾക്ക് കൈവിലങ്ങ്**

***202 ശ്രീ. പി. എ. മുഹമ്മദ് റിയാസ്**
**ശ്രീ. സി. കെ. ഹരീന്ദ്രൻ**
**ശ്രീ. ജി. സ്റ്റീഫൻ**
**ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** അടുത്തകാലത്ത് തലസ്ഥാനത്ത് വിദ്യാർഥി സമരങ്ങളിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ച പ്രമുഖ വിദ്യാർഥി സംഘടനാനേതാക്കളെ കൈവിലങ്ങു ധരിപ്പിച്ച് കോടതിയിൽ ഹാജരാക്കിയ പോലീസ് നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**(ബി)** ബഹു. സുപ്രീംകോടതി ഉത്തരവുകളും ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശങ്ങൾക്കും വിരുദ്ധമായി കൈവിലങ്ങ് അണിയിക്കാനിടയായ സാഹചര്യം എന്തായിരുന്നു എന്ന് വിശദമാക്കാമോ;

**(സി)** വിദ്യാർഥി സമരത്തിൽ പങ്കെടുത്തവരെ പിടികൂടുന്നതിന് പ്രത്യേക അന്വേഷണസംഘത്തിന് പോലീസ് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ ഏതു സാഹചര്യത്തിലാണ് ഇതെന്ന് വിശദമാക്കാമോ?

**ടിപ്പർ ലോറി അപകടങ്ങൾ**

***203 ശ്രീ. കല്ലട മാഹിൻ**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. എം. റഹ്മത്തുള്ള**
**ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്ത് ടിപ്പർ ലോറി അപകടങ്ങൾ വർദ്ധിച്ചു വരുന്നത് ഗൗരവപൂർവ്വം പരിശോധിക്കുമോ;

**(ബി)** സ്കൂൾ സമയങ്ങളിൽ ഇത്തരം ഭാര വാഹനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

**(സി)** നിയന്ത്രണങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പു വരുത്താൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത്;

**(ഡി)** സ്കൂൾ കുട്ടികളുടേയും മറ്റു യാത്രക്കാരുടേയും സുരക്ഷ ഉറപ്പാക്കാൻ എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>സഹകരണ സ്ഥാപനങ്ങൾക്കായി വിജിലൻസ് വിംഗ്</u>**

***204** **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. പാറക്കൽ അബ്ദുല്ല**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. കല്ലട മാഹിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സുതാര്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

**(ബി)** എങ്കിൽ ഇതിനായി വിജിലൻസ് വിംഗിനെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

**(സി)** നിക്ഷേപങ്ങൾ കൃത്യസമയത്ത് തിരിച്ചുനൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>പോലീസ് സ്റ്റേഷനുകളിലെ സി.സി.ടി.വി. ക്യാമറകളുടെ പ്രവർത്തനം</u>**

***205** **ശ്രീ. സജീവ് ജോസഫ്**
**ശ്രീ. റോയി. കെ. പൗലോസ്**
**ശ്രീ. പഴകുളം മധു**
**ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും നിലവിൽ സ്ഥാപിച്ചിട്ടുള്ള സി.സി.ടി.വി. ക്യാമറകളുടെ പ്രവർത്തനം ജില്ലാ

കൺട്രോൾ റൂമുകൾ വഴി നിരീക്ഷിക്കുന്ന സംവിധാനം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**(ബി)** പ്രസ്തുത സംവിധാനം നിലവിൽ എത്ര ജില്ലകളിൽ നടപ്പാക്കിയിട്ടുണ്ടെന്നും ശേഷിക്കുന്ന ജില്ലകളിൽ നടപ്പാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ; പ്രവർത്തനരഹിതമായ സി.സി.ടി.വി. ക്യാമറകൾ കണ്ടെത്തുന്നതിനും അവയുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

**(സി)** പ്രസ്തുത സംവിധാനം വഴി കുറ്റകൃത്യങ്ങൾ തടയുന്നതിനും കുറ്റവാളികളെ കണ്ടെത്തുന്നതിനും പോലീസ് നിരീക്ഷണം ശക്തിപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

**(ഡി)** ജില്ലാ കൺട്രോൾ റൂമുകൾ വഴി സി.സി.ടി.വി. ക്യാമറകൾ നിരീക്ഷിക്കുന്ന സംവിധാനത്തിന്റെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കുന്നതിനും ക്യാമറകളിൽ പതിയുന്ന ദൃശ്യങ്ങൾ ആവശ്യമായ കാലയളവിൽ സുരക്ഷിതമായി സൂക്ഷിക്കുന്നതിനും മേൽനോട്ട സംവിധാനം ഏർപ്പെടുത്തുമോ; വിശദമാക്കാമോ?

**<u>ഇ-മെയിൽ/ഓൺലൈൻ പോർട്ടലുകൾ വഴി ലഭിക്കുന്ന പരാതികൾ</u>**

***206 ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. സി. കെ. ഹരീന്ദ്രൻ**
**ശ്രീ. കാരായി രാജൻ**
**ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസ് സ്റ്റേഷനുകളിലും ഉന്നത പോലീസ് ഉദ്യോഗസ്ഥർക്കും ഇ-മെയിൽ വഴിയും ഔദ്യോഗിക ഓൺലൈൻ പോർട്ടലുകൾ വഴിയും ലഭിക്കുന്ന പരാതികളിൽ തുടർനടപടികൾ സ്വീകരിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**(ബി)** ഇ-മെയിൽ/ഓൺലൈൻ പരാതികൾ കൈകാര്യം ചെയ്യേണ്ട രീതി സംബന്ധിച്ച് ഉത്തരവുകളോ സർക്കുലറുകളോ നിലവിൽ ഉണ്ടോ; വിശദമാക്കാമോ;

(സി) തീർപ്പാക്കാത്തതിൽ കാലതാമസം വന്ന പരാതികളിൽ നേരിട്ട് പോലീസ് സ്റ്റേഷനിൽ എത്താൻ കഴിയാത്ത മുതിർന്ന പൗരന്മാർ, പ്രവാസികൾ, വനിതകൾ തുടങ്ങിയവരുടെ പരാതികൾ പരിഹരിക്കുന്നതിന് പ്രത്യേക നടപടി സ്വീകരിക്കുമോ;

(ഡി) എല്ലാ പരാതികളും സമയബന്ധിതമായി പരിശോധിച്ച് തീരുമാനം എടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## എക്സൈസ് വകുപ്പിന്റെ ആധുനികീകരണം

***207** **ശ്രീ. വർഗീസ് മാമ്മൻ**

**ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിന്റെ ആധുനികീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ;

(ബി) വ്യാപകമായ ലഹരി ഉപയോഗത്തെയും സംഘടിത ലഹരി മാഫിയയെയും നേരിടുന്നതിനായി എൻഫോഴ്സ്മെന്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിനായി ഏർപ്പെടുത്തുന്ന പരിഷ്കാരങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) നിരീക്ഷണ സംവിധാനങ്ങൾ സാങ്കേതികവിദ്യാധിഷ്ഠിതമാക്കുന്നതിനും ഇന്റലിജൻസ് ശൃംഖല വിപുലപ്പെടുത്തുന്നതിനും നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ഡി) ലഹരിയോടുള്ള ആസക്തിക്കും ലഹരി ഉപയോഗത്തിനുമെതിരെ സ്കൂൾ, കോളേജ്, തദ്ദേശ സ്ഥാപനതലങ്ങളിൽ നടത്തിവരുന്ന ബോധവൽക്കരണ പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ?

## സംസ്ഥാനത്തെ ലോജിസ്റ്റിക്സ് അടിസ്ഥാനസൗകര്യ വികസനം

***208** **ശ്രീ. എം. ആർ. ബൈജു**

**ശ്രീ. എൻ. ശക്തൻ**

**ശ്രീ. സി. വി. ശാന്തകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചരക്കുനീക്കവും സംഭരണവും വിതരണവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വ്യവസായ വളർച്ചയ്ക്ക് സഹായകമായ ലോജിസ്റ്റിക്സ് അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമായി മാർഗനിർദേശങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ലോജിസ്റ്റിക്സ് അടിസ്ഥാനസൗകര്യ വികസനം പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളും മാർഗനിർദേശങ്ങളും ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ, ദേശീയപാതകൾ, റെയിൽവേ എന്നിവയുമായി ബന്ധിപ്പിച്ചുള്ള ലോജിസ്റ്റിക്സ് പാർക്കുകൾ, ചരക്കുസംഭരണ കേന്ദ്രങ്ങൾ, വിതരണ കേന്ദ്രങ്ങൾ എന്നിവ വികസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിനും ചെറുകിട–ഇടത്തരം സംരംഭങ്ങൾക്ക് കുറഞ്ഞ ചെലവിൽ ചരക്കുനീക്ക-സംഭരണ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും സർക്കാർ എന്തെല്ലാം പ്രോത്സാഹന നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ;

(ഇ) ലോജിസ്റ്റിക്സ് മേഖലയിലെ അടിസ്ഥാനസൗകര്യ വികസനത്തിലൂടെ സംസ്ഥാനത്തിന്റെ വ്യവസായ മത്സരക്ഷമത വർധിപ്പിക്കുന്നതിനും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## ഇ.എസ്.എസ്. പദ്ധതി പ്രകാരമുള്ള സബ്സിഡി കുടിശ്ശിക

*209 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എന്റർപ്രണർഷിപ്പ് സപ്പോർട്ട് സ്കീം (ഇ.എസ്.എസ്.) പ്രകാരം സംരംഭകർക്ക് ലഭിക്കാനുള്ള സബ്സിഡി തുക ജില്ലാ വ്യവസായ കേന്ദ്രങ്ങൾ അംഗീകരിച്ചിട്ടും കുടിശ്ശികയായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിലവിൽ എത്ര തുക കുടിശ്ശികയുണ്ട്; എത്ര സംരംഭകരെയാണ് ഇത് ബാധിച്ചിട്ടുള്ളത്;

**(ബി)** ഇ.എസ്.എസ്. സബ്സിഡി അടിയന്തരമായി അനുവദിക്കണമെന്നാവശ്യപ്പെട്ട് കേരള സ്റ്റേറ്റ് സ്മോൾ ഇൻഡസ്ട്രീസ് അസോസിയേഷൻ (കെ.എസ്.എസ്.ഐ.എ.) സർക്കാരിലേക്ക് മുൻകാലങ്ങളിൽ നിവേദനം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

**(സി)** ഇ.എസ്.എസ്. സബ്സിഡി കുടിശ്ശിക പൂർണ്ണമായും കൊടുത്തു തീർക്കുന്നതിന് അധിക ഫണ്ട് അനുവദിക്കുമോ; എങ്കിൽ എന്ന് വിതരണം ചെയ്ത് പൂർത്തിയാക്കാൻ സാധിക്കും;

**(ഡി)** ഭാവിയിൽ ഇ.എസ്.എസ്. സബ്സിഡി അനുവദിക്കുന്നതിൽ അനാവശ്യമായ കാലതാമസം ഒഴിവാക്കാൻ സമയബന്ധിതമായ വിതരണ സംവിധാനം ഏർപ്പെടുത്തുമോ?

**കേന്ദ്ര സർക്കാരിന്റെ ഭവ്യ പദ്ധതി**

***210** **ശ്രീമതി കെ. കെ. രമ**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. കെ. എം. അഭിജിത്ത്**
**ശ്രീ. രമേഷ് പിഷാരടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** കേന്ദ്ര സർക്കാർ നടപ്പാക്കുന്ന ഭവ്യ പദ്ധതിയുടെ ഭാഗമായി കേരളത്തിൽ വ്യവസായ പാർക്കുകൾ വികസിപ്പിക്കുന്നതിനും സംസ്ഥാനത്തിന്റെ വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനും സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**(ബി)** ഭവ്യ പദ്ധതിയുടെ ഭാഗമായി കേരളത്തിൽ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള വ്യവസായ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് നിർദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

**(സി)** പ്രസ്തുത പദ്ധതിയിലൂടെ കേരളത്തിലെ ചെറുകിട–ഇടത്തരം വ്യവസായ സംരംഭകർക്ക് ഭൂമി, അടിസ്ഥാനസൗകര്യങ്ങൾ, നിക്ഷേപസൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കുമോ;

**(ഡി)** കിൻഫ്ര ഉൾപ്പെടെയുള്ള സംസ്ഥാന വ്യവസായ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പുതിയ വ്യവസായ കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; ഭവ്യ പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി സംസ്ഥാനത്തേക്ക് കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

കേരളനിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2026 ഒക്ടോബർ 18, ഞായർ

**ഷാജി സി ബേബി**
സെക്രട്ടറി ഇൻചാർജ്

---

പ്രത്യേക ശ്രദ്ധയ്ക്ക്:

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].